## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6364 21.11.2019 ൽ മറുപടിക്ക്**

## കിഫ്ബിയിൽ നിന്നും ധനസഹായം ലഭിയ്ക്കുന്നതിന്റെ മാനദണ്ഡം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജി.എസ്.ജയലാൽ** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പി.ഡബ്ല്യൂ.ഡി. റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിൽ നവീകരിക്കുന്നതിന് കിഫ്ബിയിൽ നിന്നും ധനസഹായം ലഭിയ്ക്കുന്നതിന് റോഡുകൾക്കുണ്ടായിരിക്കേണ്ട നീളം, വീതി എന്നിവ സംബന്ധിച്ച് കിഫ്ബി നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങളും മറ്റ് വ്യവസ്ഥകളും എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ അന്താരാഷ്ട്രനിലവാരത്തിൽ നവീകരിക്കുന്നതിന് കിഫ്ബിയിൽ നിന്ന് ധനസഹായം ലഭിക്കുന്നതിന് ഓരോ വിഭാഗം റോഡിനും വേണ്ട വീതി കിഫ്ബി നിശ്ചയിച്ചിട്ടുണ്ട്. അതിൽ വാഹന സാന്ദ്രതകൂടിയ റോഡുകളുടെ കുറഞ്ഞവീതി 10 മീറ്റർ ആണ്. സംസ്ഥാനപാത, മലയോരഹൈവേ, തീരദേശ ഹൈവേ മറ്റു റോഡുകൾ എന്നീ വിഭാഗത്തിൽപ്പെട്ടത് എന്നതനുസരിച്ചും അവയുടെ വാഹനസാന്ദ്രത കണക്കിലെടുത്തും അധികവീതിയും നിഷ്കർഷിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് കിഫ്ബി 20-11-2018 ന് പുറത്തിറക്കിയ മാനദണ്ഡങ്ങളും മറ്റുവ്യവസ്ഥകളും നിർദ്ദേശിക്കുന്ന മാനുവലിന്റെ പ്രസക്തഭാഗങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | റോഡുകളുടെ വീതി സംബന്ധിച്ച് കിഫ്ബി നിർദ്ദേശിക്കുന്ന കർശനമായ വ്യവസ്ഥകൾ മൂലം ജനസാന്ദ്രമായ കേരളത്തിലെ ഗ്രാമീണ മേഖലയിലെ റോഡുകൾക്ക് കിഫ്ബി സഹായം ലഭിക്കാത്ത സാഹചര്യം നിലനില്ക്കുന്നു എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ കിഫ്ബി സഹായം ലഭിക്കാൻ സാധ്യതയില്ലാത്ത ഗ്രാമീണ മേഖലകളിലെ പി.ഡബ്ല്യൂ.ഡി. റോഡുകൾ ആധുനിക രീതിയിൽ നവീകരിക്കാൻ അടിയന്തരമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കാമോ? | (ബി) | വീതി കുറവുള്ള പദ്ധതികളിൽ കിഫ്ബി നിഷ്കർഷിക്കുന്ന വീതി ലഭ്യമാകുന്നതിനു ഫ്രീസറണ്ടർ വഴിയോ ഏറ്റെടുക്കുന്നതിലൂടെയോ സ്ഥലം ലഭ്യമാക്കുന്നതിനുള്ള പ്രപ്പോസൽ കൂടി ഉൾപ്പെടുത്തി ഡി.പി.ആർ തയ്യാറാക്കുന്നതിനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. നിലവിൽ കിഫ്ബി നിർദ്ദേശിക്കുന്ന കുറഞ്ഞവീതി ലഭ്യമായാൽ മാത്രമേ കിഫ്ബിയിൽ ഉൾപ്പെടുത്തി പദ്ധതികൾക്കു സാമ്പത്തികാംഗീകാരം ലഭ്യമാകുകയുള്ളൂ. കിഫ്ബി സഹായം ലഭിക്കാൻ സാധ്യതയില്ലാത്ത ഗ്രാമീണമേഖലയിലെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ നവീകരിക്കുന്നതിന് പ്രപ്പോസൽ . ലഭ്യമാകുന്നമുറക്ക് നടപടികൾസ്വികരിക്കാറുണ്ട്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**